# തിരികെ വിളിക്കൽ ഫലപ്രദമാക്കാൻ

സണ്ണി പൈകട മേച്ചാൽ പി.ഒ., കോട്ടയം - 686 586

ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളെ തിരികെ വിളിക്കാനുള്ള അവകാശം ജനങ്ങൾക്കു നല്കിക്കൊണ്ട് ഈയിടെ മദ്ധ്യപ്രദേശ് നിയമസഭ പാസാക്കിയ നിയമത്തെ ചരിത്രപ്രധാനം എന്നുതന്നെ വിശേഷിപ്പിക്കേണ്ടതാണ്.

നമ്മുടെ നാട്ടിലെ 'ജനാധിപത്യത്തിൽ' വോട്ടവകാശം വിനിയോഗിക്കൽ കല്ലെടുത്ത് എറിയുന്നതുപോലെയാണ്. കൈയിൽനിന്നു 'കല്ല് പോയാൽ പിന്നെ ആ കല്ലിന്റെ മേൽ എറിയുന്ന ആൾക്കു നിയന്ത്രണമില്ലാത്തതുപോലെ, വോട്ട് ചെയ്തുകഴിഞ്ഞാൽ വോട്ടർ നിസഹായനായ കാഴ്ചക്കാരനാകുന്ന സ്ഥിതിയാണിവിടെയുള്ളത്.

ജനാധിപത്യം ജനങ്ങളുടെ ഹിതമനുസരിച്ച് ഭരണം നടത്താനുള്ള ഒരു വ്യവസ്ഥിതിയാണെന്നാണ് സങ്കല്പം. എന്നാൽ, അഞ്ചാണ്ട് കൂടുമ്പോൾ (ഇപ്പോൾ വർഷംതോറും) പണക്കൊഴുപ്പും പേശീബലവും പ്രകടിപ്പിച്ച് വർഗീയത പോലുള്ള വിഷപ്പുക പരത്തിക്കൊണ്ട് നടത്തുന്ന തെരഞ്ഞെടുപ്പ് മാമാങ്കങ്ങളിൽ ഏതെങ്കിലും ചിഹ്നത്തിൽ വോട്ട് രേഖപ്പെടുത്തുന്നതിലേക്ക് ചുരുങ്ങിയിരിക്കുന്നു ജനഹിതത്തിന്റെ പ്രയോഗം. കേരളത്തിൽപോലും രാഷ്ട്രീയ പാർട്ടികൾ ബൂത്തുപിടുത്തം എന്ന പരിപാടി വിജയകരമായി നടപ്പിലാക്കി തുടങ്ങിയിരിക്കുന്ന പശ്ചാത്തലത്തിൽ വോട്ട് രേഖപ്പെടുത്താനായി ബൂത്തിൽ പോകുന്ന ബുദ്ധിമുട്ടും ഇനി വോട്ടർമാർക്കുണ്ടാകില്ല. ഇങ്ങനെ ആകെ പോൾ ചെയ്ത വോട്ടിൽ (അത് ആകെ വോട്ടിന്റെ എത്ര ചെറിയ ശതമാനമാണെങ്കിലും) തൊട്ടടുത്ത എതിരാളിയെക്കാൾ ഒരോട്ടെങ്കിലും കൂടുതൽ നേടുന്നയാൾ ജനപ്രതിനിധിയായി. അയാളുടെ പിന്നീടുള്ള പ്രവർത്തനങ്ങളിലൊന്നും ജനഹിതം സ്വാധീനം ചെലുത്തണമെന്നില്ല. ഈ പ്രവണതയാണ് ഗ്രാമപഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള ജനപ്രതിനിധികൾ പൊതുവിൽ പ്രകടിപ്പിക്കുന്നത്. ജനങ്ങളെ വെറും നോക്കുകുത്തികളാക്കുന്ന ഈ ശൈലിക്കു മാറ്റം വരുത്തുവാനുള്ള നീക്കം ഏതെങ്കിലും ഭരണതലത്തിൽ നിന്നുതന്നെ ആരംഭിക്കേണ്ടതാണ്. ജനാധിപത്യത്തിന് അർത്ഥം നല്കുന്നതിന് ഇത് അനിവാര്യമാണ്. ഇതാണ് മദ്ധ്യപ്രദേശ് നിയമസഭ പാസാക്കിയ തിരികെവിളിക്കൽ നിയമത്തിന്റെ ചരിത്രപരമായ പ്രാധാന്യം.

എന്നാൽ, ഈ നിയമം ഫലപ്രദമായി നടപ്പിലാക്കപ്പെടുമോ? കാത്തിരുന്നു കാണുക. കേരളത്തിലേതുപോലെയാണ് മദ്ധ്യപ്രദേശിലെയും പഞ്ചായത്തുകളുടെ ഘടനയും തെരഞ്ഞെടുപ്പുമെങ്കിൽ ആ നിയമം ഫലപ്രദമായി നടപ്പിലാകുമെന്ന് പ്രതീക്ഷിക്കാനാവില്ല. പുതിയ പഞ്ചായത്ത്രാജ് നിയമത്തിൽ ജനങ്ങൾക്കു തങ്ങളുടെ ജനപ്രതിനിധിയെ വിമർശിക്കാനും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ഉള്ള വേദിയായി വ്യവസ്ഥ ചെയ്തിരുന്ന ഗ്രാമസഭകളെ ഒന്നുകിൽ രാഷ്ട്രീയ പോരാട്ട വേദികളോ അല്ലെങ്കിൽ കക്കൂസ്, കന്നുകാലി ആനുകൂല്യങ്ങൾക്കായി തിരക്ക് കൂട്ടുന്നവരുടെ വേദികളോ ആക്കി നിർവീര്യമാക്കിയ അനുഭവമാണ് കേരളത്തിലുള്ളത്. കേരളത്തിലേതുപോലെ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത് സംവിധാനം നിലവിലിരിക്കുന്ന സംസ്ഥാനങ്ങളിൽ തിരികെ വിളിക്കൽ നിയമം ഫലപ്രദമാകണമെങ്കിൽ തെരഞ്ഞെടുപ്പ് രീതികളിൽ തന്നെ മൗലികമായ മാറ്റം വരുത്തേണ്ടിവരും. കേരളത്തിൽ സാധാരണ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ പാർട്ടി സ്ഥാനാർഥികളും സ്വതന്ത്രരും ഉൾപ്പെടെ ശരാശരി അഞ്ച് സ്ഥാനാർഥികളെങ്കിലും മത്സരരംഗത്തുണ്ടാകും. അവരിൽനിന്നു വിജയിക്കുന്നയാൾക്ക് തൊട്ടടുത്ത എതിരാളിയെക്കാൾ വളരെ കുറഞ്ഞ വോട്ടുകളുടെ മുൻതൂക്കമേ സാധാരണയായി ഉണ്ടാകൂ. തെരഞ്ഞെടുപ്പിൽ പോൾ ചെയ്ത വോട്ടിന്റെ 25–30 ശതമാനം കിട്ടുന്നയാളാവും മിക്കപ്പോഴും ജനപ്രതിനിധിയാവുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിജയിക്കുന്നയാൾക്ക് അനുകൂലമായി പോൾ ചെയ്യപ്പെട്ട വോട്ട് എതിരായി പോൾ ചെയ്യപ്പെട്ട വോട്ടിലും വളരെ കുറവായിരിക്കും. ഇത്തരമൊരു പശ്ചാത്തലത്തിൽ മദ്ധ്യപ്രദേശിലെ പുതിയ നിയമത്തിനു തുല്യമായ നിയമം ഇവിടെയുണ്ടെങ്കിൽ തിരികെ വിളിക്കൽ സാധാരണ സംഭവമാകും. അതു രാഷ്ട്രീയ എതിരാളികളെ നേരിടാനായി ദുരുപയോഗിക്കപ്പെടുകയും ചെയ്യും. ഇത്തരമൊരു സാഹചര്യം ഒഴിവാക്കിക്കൊണ്ട് തിരികെ വിളിക്കൽ ഫലപ്രദമായി നടപ്പിലാക്കുകയാണ് വേണ്ടത്. അതിനായി തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടാകണം.

**ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളെ തിരികെ വിളിക്കാനുള്ള അവകാശം ജനങ്ങൾക്കു നല്കിക്കൊണ്ട് ഈയിടെ മദ്ധ്യപ്രദേശ് നിയമസഭ പാസാക്കിയ നിയമത്തെ ചരിത്രപ്രധാനം എന്നുതന്നെ വിശേഷിപ്പിക്കേണ്ടതാണ്.**

**ഇന്നത്തെ ഗ്രാമസഭകളെ 20–25 വീടുകൾ ചേർന്ന അയൽക്കൂട്ടങ്ങളായി വിഭജിക്കുവാൻ നിയമത്തിൽ ഭേദഗതി വരുത്തണം.**

ഇങ്ങനെ നിയമപരമായി അസ്തിത്വമുള്ള അയൽക്കൂട്ടങ്ങളിലെ വോട്ടവകാശമുള്ള മുഴുവൻ ആളുകളും ഒത്തുചേർന്ന് അവരിൽനിന്ന് ഒരു പുരുഷനെയും സ്ത്രീയെയും പ്രതിനിധികളായി അഭിപ്രായസമന്വയത്തിലൂടെ നേരിട്ട് തെരഞ്ഞെടുക്കുക. പിന്നോക്ക ജനവിഭാഗങ്ങളുള്ള മേഖലകളിൽ ആ വിഭാഗങ്ങളിൽനിന്നു പ്രതിനിധികളെ തെരഞ്ഞെടുക്കാനും വ്യവസ്ഥയുണ്ടാകണം. രഹസ്യബാലറ്റും തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയും പോസ്റ്ററും മദ്യവും ബൂത്തുപിടുത്തവും ഒന്നുമില്ലാതെ നടക്കുന്ന ഈ തെരഞ്ഞെടുപ്പുകൾ 95 ശതമാനവും ഒരു അപസ്വരവും ഉണ്ടാക്കാത്തതും ജനങ്ങളിൽ ചേരിതിരിവ് ഉണ്ടാക്കാത്തതുമായിരിക്കുമെന്നതിൽ സംശയമില്ല. കാരണം, നമ്മുടെ നാട്ടിലെ ആയിരക്കണക്കിന് ലൈബ്രറികളിലും ക്ലബുകളിലും സന്നദ്ധ സംഘടനകളിലും പള്ളി-അമ്പലം കമ്മിറ്റികളിലും ഈ വിധത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കാമെങ്കിൽ ചില്ലറ സൗന്ദര്യ പിണക്കങ്ങൾ ഉണ്ടായേക്കാമെങ്കിലും കാലങ്ങളായി പരസ്പരം അറിഞ്ഞു ജീവിക്കുന്ന അയൽക്കാർക്കിടയിൽനിന്നു പ്രതിനിധികളെ അപസ്വരം കൂടാതെ അഭിപ്രായസമന്വയത്തോടെ തെരഞ്ഞെടുക്കാനാവുമെന്നത് വ്യക്തമാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർ എല്ലാം കൂടിചേരുന്നത് പഞ്ചായത്ത് തലത്തിലുള്ള ഒരു ജനപ്രതിനിധി സഭ എന്ന നിലയിൽ അംഗീകരിക്കപ്പെടുന്നതിൽ നിയമമുണ്ടാകണം.

ഈ ജനപ്രതിനിധിസഭയിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടാകും. ആരെ തെരഞ്ഞെടുക്കണമെന്നത് ഓരോ അയൽക്കൂട്ടവും യോഗം ചേർന്നു ചർച്ചചെയ്ത് എടുക്കുന്ന തീരുമാനമനുസരിച്ച് വോട്ട് ചെയ്യാൻ അയൽക്കൂട്ടങ്ങളിൽനിന്നുള്ള പ്രതിനിധികൾക്ക് നിയമപരമായ ബാധ്യതയുണ്ടാകണം. ഈ വോട്ടിംഗിൽ രഹസ്യ ബാലറ്റ് പാടില്ല. അയൽക്കൂട്ട പ്രതിനിധികൾ അയൽക്കൂട്ട തീരുമാനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ തുറന്ന വോട്ടിംഗ് രീതി ആവശ്യമാണ്. ഈ വിധത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും മറ്റും മാത്രമല്ല തെരഞ്ഞെടുക്കാവുന്നത് ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് അംഗങ്ങളെയും പ്രസിഡന്റ് വൈസ് പ്രസിഡന്റ് തുടങ്ങിയവരെയും തെരഞ്ഞെടുക്കാൻ കഴിയും. ഈ വിധത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതുപോലെ തന്നെ അയൽക്കൂട്ട പ്രതിനിധികളെയും ഗ്രാമ–ബ്ലോക്ക് – ജില്ലാ പഞ്ചായത്ത് പ്രതിനിധികളെയും പ്രസിഡന്റ്–വൈസ് പ്രസിഡന്റ് തുടങ്ങിയവരെയും തിരികെ വിളിക്കാനും കഴിയും. ഇത്തരമൊരു സംവിധാനം അടിത്തട്ടിൽ പങ്കാളിത്ത ജനാധിപത്യവും അതിന്റെ ഉപരിതലങ്ങളിൽ അടിത്തട്ടിൽനിന്നു നിയന്ത്രിക്കാവുന്ന പ്രാതിനിധ്യ ജനാധിപത്യവും യാഥാർഥ്യമാകുന്നു. ഇത്തരമൊരു സംവിധാനത്തിൽ തെരഞ്ഞെടുപ്പിലും തിരികെ വിളിക്കലിലും മാത്രമല്ല പഞ്ചായത്ത് ഭരണത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം ജനഹിതം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിയും.

ഈ വിധത്തിൽ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ കക്ഷിരാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ നിന്നല്ലാതെ കറകളഞ്ഞ ഗ്രാമീണ നേതൃത്വം നമ്മുടെ നാട്ടിൻപുറങ്ങളിൽനിന്ന് ഉയർന്നുവരും. ജനങ്ങളിലെ ചേരിതിരിവും ഏറിയപങ്കും അപ്രത്യക്ഷമാകും. അഭിപ്രായസമന്വയത്തിലൂടെ അയൽക്കൂട്ട പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ സാമൂഹ്യവിരുദ്ധരും അഴിമതിക്കാരും ഒറ്റപ്പെടുകയും പൊതുവിൽ ജനാഭിപ്രായമുള്ളവർ രംഗത്തുവരികയും ചെയ്യും. തിരികെ വിളിക്കാനുള്ള ഫലപ്രദമായ അധികാരം ജനങ്ങൾക്കു കൈവരുമ്പോൾ അധികാര വ്യവസ്ഥ കുറേയേറെ ശുദ്ധീകരിക്കപ്പെടും.

ഗ്രാമ–ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ മാത്രമല്ല, വേണ്ടിവന്നാൽ നിയമസഭാ–പാർലമെന്റ് അംഗങ്ങളെപ്പോലും തെരഞ്ഞെടുക്കാനും നിയന്ത്രിക്കാനും വേണ്ടിവന്നാൽ തിരികെ വിളിക്കാനുമുള്ള സമ്പ്രദായമായി ഇതിനെ വികസിപ്പിക്കാനാകും. അങ്ങനെ വന്നാൽ, ഇന്നത്തെ കേന്ദ്രീകൃതാധികാര ഘടനയിൽ മൗലികമായ മാറ്റമുണ്ടാകും. അധികാരം ജനങ്ങളിലെത്താനുള്ള വഴി തുറക്കും. ഇത്തരമൊരു മാറ്റത്തിനു ചേർന്നവിധത്തിൽ നിയമനിർമാണം നടത്താൻ രാഷ്ട്രീയ പാർട്ടികൾ തയാറാകുമോ.

തയാറാവില്ലായെന്നു വ്യക്തമാണ്. അധികാരം ജനങ്ങളിലെത്തുന്നതിനെപ്പറ്റി വാചാലരാവുന്നവർ അധികാരം നിലനിർത്തുന്നതിനായി ബൂത്ത് പിടിക്കുന്നതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന കാലമാണിത്. സ്വന്തം കൈവശമിരിക്കുന്ന അധികാരം ഫലപ്രദമായി ജനങ്ങളിലെത്തിക്കുന്നതിനെക്കുറിച്ച് അക്കൂട്ടർ ചിന്തിക്കുമെന്ന് കരുതുന്നത് തന്നെ മൗഢ്യമാണ്. അധികാരം ജനങ്ങളിലെത്തിക്കുകയെന്ന മുദ്രാവാക്യം മുഴക്കുന്നതുതന്നെ അധികാരം സ്വന്തം കൈവശം എത്തിക്കുന്നതിനും നിലനിർത്തുന്നതിനുമാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ ജനങ്ങൾ യജമാനൻമാരാകുന്ന ഒരു യഥാർഥ ജനാധിപത്യത്തിനായി ജനങ്ങൾ തന്നെ പോരാട്ടത്തിനിറങ്ങുകയേ മാർഗമുള്ളൂ.